# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19.06.2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ജമ്മുകശ്മീരിലെത്തും. ശ്രീനഗറിൽ യോഗാ ദിനാചരണത്തിന് പ്രധാനമന്ത്രി നേതൃത്വം നൽകും.

2. തലശ്ശേരി ബോംബ് സ്ഫോടന വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

3. ആരോഗ്യമന്ത്രി വീണാ ജോർജിന് കുവൈറ്റ് യാത്രയ്ക്കുള്ള അനുമതി നിഷേധിച്ച കേന്ദ്ര നടപടിക്കെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

4. ആലപ്പുഴ ജില്ലയിൽ പുതിയതായി പക്ഷിപ്പനി സ്ഥിരീകരിച്ച ഇടങ്ങളിൽ കള്ളിങ്ങ് നടപടികൾ നാളെ നടക്കും.

5. സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്നു. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ എയ്റ്റിൽ ഇന്ന് ദക്ഷിണാഫ്രിക്ക - അമേരിക്കയെ നേരിടും. ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ക്രിക്കറ്റ് ഏകദിനത്തിൽ 326 റൺസ് വിജയലക്ഷ്യമുയർത്തി ഇന്ത്യ.

*************************************

## പി.എം. - ജമ്മുകശ്മീർ

പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ ജമ്മുകശ്മീരിലെത്തും. ശ്രീനഗറിൽ നാളെ വൈകുന്നേരം നടക്കുന്ന പരിപാടിയിൽ 1500 കോടി രൂപയുടെ 84 വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ജമ്മുകശ്മീരിലെ 2,000 യുവജനങ്ങൾക്ക് സർക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നിയമനപത്രവും അദ്ദേഹം കൈമാറും. കാർഷിക മേഖലയുടെ ഉന്നമനത്തിനായുള്ള 1800 കോടി രൂപയുടെ പദ്ധതിയും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ജൂൺ 21 അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് ശ്രീനഗറിൽ നടക്കുന്ന പരിപാടിയ്ക്ക് പ്രധാനമന്ത്രി മറ്റന്നാൾ നേതൃത്വം നൽകും.

***********************************

## നിയമസഭ വാക്കൗട്ട്

തലശ്ശേരി ബോംബ് സ്ഫോടനം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. തലശ്ശേരി എരഞ്ഞോളിയിൽ സ്റ്റീൽ ബോംബ് പൊട്ടി വൃദ്ധൻ മരിച്ച സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്നും സണ്ണി ജോസഫ് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. കണ്ണൂരിൽ ബോംബ് നിർമാണത്തിന് നേതൃത്വം നൽകുന്നത് സി പി ഐ എമ്മാണെന്നും സംഭവത്തിൽ തെളിവ് നശിപ്പിക്കാനുള്ള ശ്രമം നടന്നതായും പ്രതിപക്ഷം ആരോപിച്ചു. സംഭവത്തിൽ കേസ് എടുത്ത് ഊർജിതമായ അന്വേഷണം നടന്നു വരുന്നതായും, കുറ്റക്കാരായ 15 പേരെയും അറസ്റ്റ് ചെയ്ത് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി

RNU TVPM

നൽകി. ബോംബ് നിർമ്മാണവുമായി ബന്ധപ്പെട്ട സംഭവങ്ങളെ സർക്കാർ ഗൗരവമായാണ് കാണുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************************

## സബ്മിഷൻ- വി.ഡി സതീശൻ

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും, കുടിശ്ശികയും സംസ്ഥാനത്തിൻറെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അനുവദിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. നിയമസഭയിൽ പ്രതിപക്ഷനേതാവ് വിഡി സതീശൻറെ സബ്മിഷന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ഒരു ഗഡു ക്ഷാമബത്ത ഏപ്രിൽ മാസത്തെ ശമ്പളത്തിനും പെൻഷനുമൊപ്പം അനുവദിച്ചിരുന്നു. സർക്കാർ ധനദൃഢീകരണത്തിൻറെ പാതയിലാണെന്നും , സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവരുന്ന സ്ഥിതിയാണുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

RNUTVPM

**************************************

## മുഖ്യമന്ത്രി - വീണാ ജോർജ്

മംഗഫ് തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന് കുവൈറ്റ് യാത്രയ്ക്കുള്ള അനുമതി നിഷേധിച്ച കേന്ദ്ര നടപടിക്കെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. യാത്രയ്ക്ക് പൊളിറ്റിക്കൽ ക്ലിയറൻസ് നൽകാതിരുന്ന വിദേശകാര്യ മന്ത്രാലയത്തിൻറെ നടപടി ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. ദുരന്തത്തിൽ ജീവൻ നഷ്ടമായവരിൽ പകുതിയും കേരളീയർ ആയതിനാൽ, സംഭവത്തിന്റെ വ്യാപ്തിയും ഗൗരവവും കണക്കിലെടുത്താണ് മന്ത്രിയെത്തന്നെ കുവൈറ്റിലേക്ക്

അയക്കാൻ കേരള മന്ത്രിസഭ തീരുമാനിച്ചത്. ഇത്തരം അവസരങ്ങളിൽ വിദേശകാര്യ മന്ത്രാലയം സംസ്ഥാനങ്ങളോട് ഉത്തരവാദിത്വത്തോടെ പ്രതികരിക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും കത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു.

************************************

## വായന- മുഖ്യമന്ത്രി

കാലത്തിനനുസൃതമായി സ്വയം നവീകരിച്ച് വായനാ സംസ്കാരത്തെ പരിഷ്കരിക്കാൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ വായനാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. വായനശാലകളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുമ്പോഴും, മലയാളികൾ വായനയിലെ നൂതന സങ്കേതങ്ങളെ എത്രകണ്ട് കാര്യക്ഷമമായി ഉപയോഗിക്കുന്നുവെന്ന് പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു. പുസ്തകം ഉണ്ടെങ്കിൽ മാത്രമേ വായന നടക്കു എന്ന കാലത്തിൽനിന്നു മാറി, പുസ്തകം വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ ഉപകരണങ്ങൾ ഇന്നുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

RNU TVPM

************************************

## ശിവഗിരി മഠം സന്ദർശിച്ചു

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് ശിവഗിരി മഠം സന്ദർശിച്ചു. മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻറെയൊപ്പം ശിവഗിരി മഠത്തിലെത്തിയ അദ്ദേഹം ഗുരുവിന്റെ മഹാ

സമാധിയിൽ പ്രാർത്ഥനകളിൽ പങ്കെടുത്തു. ശാന്തി നിലകൊള്ളുന്ന ഗേഹമാണ് ശിവഗിരിയെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു. മുതലപ്പൊഴിയിലും കേന്ദ്രസഹമന്ത്രി ഇന്ന് സന്ദർശനം നടത്തി. മൻ കി ബാത്ത് ക്വിസ് മൂന്നാം പതിപ്പിൻറെ ഉദ്ഘാടനവും ശ്രീ സുരേഷ് ഗോപി ഇന്ന് പട്ടം സെൻറ് മേരിസ് സ്കൂളിൽ നിർവഹിച്ചിരുന്നു.

************************************

## യോഗാ ദിനം - സി.ബി.സി

അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു. ***യോഗ നമുക്കും സമൂഹത്തിനും*** എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള സംയോജിത ബോധവൽക്കരണ പരിപാടി നാളെ പേരൂർക്കട കേന്ദ്രീയ വിദ്യാലയയിലും, മറ്റന്നാൾ തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിലും നടക്കും. കൊല്ലം ശ്രീനാരായണ വനിതാ കോളജും കൊല്ലം നാഷനൽ ആയുഷ് മിഷനുമായി ചേർന്ന് നാളെ വെബിനാറും സംഘടിപ്പിക്കും. സിബിസി പാലക്കാട് യൂണിറ്റിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന യോഗാ ദിനാചരണ പരിപാടി മറ്റന്നാൾ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും.

RNU TVPM

************************************

## ആലപ്പുഴ - ഇൻട്രോ

ആലപ്പുഴ ജില്ലയിൽ കാക്കകളിലും കൊക്കുകളിലും പരുന്തിലും പക്ഷിപ്പനി സ്ഥിരീകരിച്ചതോടെ ജാഗ്രത

കർശനമാക്കി ജില്ലാഭരണകൂടം. പുതുതായി പക്ഷിപ്പനി സ്ഥിരീകരിച്ച ഇടങ്ങളിൽ നാളെ കള്ളിങ് നടക്കും. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ കൂടുതൽ സംഘത്തെ നിയോഗിക്കുമെന്നും ജില്ലാഭരണകൂടം അറിയിച്ചു. എന്നാൽ ജീവനക്കാരിൽ ഭൂരിഭാഗവും ക്വാറൻറീനിൽ ആയത് മൃഗസംരക്ഷണ വകുപ്പിന്റെ ജോലികളെ ബാധിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ....**

(വോയ്സ്)

**************************************

## കെ.എസ്.ആർ.ടി.സി – ഗണേഷ് കുമാർ

RIJU TVPM

കെ.എസ്.ആർ.ടി.സി ജിവനക്കാരുടെയും പൊതുജനങ്ങളുടെയുംസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ സമൂഹമാധ്യമത്തിലൂടെ പങ്കുവച്ച് മന്ത്രി കെ.ബി. ഗണേഷ് കുമാർ. ജിവനക്കാരുടെ ഭാഗത്ത് നിന്നും മോശമായ പെരുമാറ്റമുണ്ടായാൽ അവരെ വഴിയിൽ വച്ച് കൈയ്യേറ്റം ചെയ്യുന്നത് ഒഴിവാക്കണമെന്നും പകരം സംഭവത്തിൻറെ ദൃശ്യങ്ങൾ ചിത്രീകരിച്ച് -കെ.എസ്.ആർ.ടി.സി എം.ഡി ക്ക് നേരിട്ട് പരാതി നൽകണമെന്നും മന്ത്രി അറിയിച്ചു. പൊതുജനങ്ങളിൽ നിന്ന് ജീവനക്കാർക്ക് മോശമായ അനുഭവമുണ്ടായാലും സമാനമായ രീതിയിൽ പരാതി നൽകാൻ സാധിക്കും. ഇതിനായി 91 88 61 93 80 എന്ന വാട്സാപ്പ് നമ്പർ സജ്ജമാക്കിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

**************************************

## ഷാഫി പറമ്പിൽ - കണ്ണൂർ

തലശ്ശേരി എരഞ്ഞോളി ബോംബ് സ്ഫോടനത്തിൽ ഒരാൾ മരിച്ച കേസിൽ മുഖം നോക്കാതെ നടപടി എടുക്കാൻ പോലീസിന് അനുമതി നൽകണമെന്ന് നിയുക്ത എം.പി. ഷാഫി പറമ്പിൽ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ ബോംബിന്റെ ബാക്കിയാണ് തലശ്ശേരിയിൽ പൊട്ടിയതെന്നും അദ്ദേഹം ആരോപിച്ചു. ബോംബ് സ്ഫോടനത്തിൽ മരിച്ച വേലായുധന് അന്തിമോപചാരം അർപ്പിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

************************************

## കെ.സുരേന്ദ്രൻ

ലോക്സഭാ തിരഞ്ഞെടുപ്പിലെ തിരിച്ചടിയുണ്ടാക്കിയ പ്രതിസന്ധി മറികടക്കാൻ സിപിഎം സംഘർഷത്തിന് ശ്രമിക്കുകയാണെന്ന് ആരോപിച്ച് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ. കണ്ണൂരിൽ ബോംബ് സ്ഫോടനത്തിൽ വയോവൃദ്ധൻ മരിച്ച സംഭവവും തിരഞ്ഞെടുപ്പ് സമയത്ത് പാനൂരിൽ സിപിഎം പ്രവർത്തകൻ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടതും സമഗ്രമായി അന്വേഷിക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

RNU TVPM

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് കാലവർഷം ശക്തമാകുന്നു. ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത

നൽകി. മറ്റന്നാൾ മുതൽ കേരളതീരത്ത് പടിഞ്ഞാറൻ കാറ്റ് ശക്തമാകുന്നതിനാൽ, ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. മലപ്പുറം, കൊഴിക്കോട്, കണ്ണൂർ ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത നൽകി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 23 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

************************************

## ട്വൻറി-20

ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ EIGHT ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഇന്ന് അമേരിക്കയെ നേരിടും. രാത്രി എട്ട് മണിക്കാണ് കളി ആരംഭിക്കുക. നാളെ നടക്കുന്ന മത്സരങ്ങളിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെയും, ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെയും നേരിടും.

RNU TVPM

************************************

## വനിത ക്രിക്കറ്റ്

ബെംഗളൂരുവിൽ നടക്കുന്ന ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്ക് 326 റൺ വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിന് 325 റൺസ് നേടി. ടോസ് നേടിയ ദക്ഷിണാഫ്രിക്ക, ഇന്ത്യയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 20 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 95 റൺസ് എന്ന നിലയിലാണ്. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

************************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 36 പോയിന്റ് ഉയർന്ന് 77,338 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 42 പോയിന്റ് താഴ്ന്ന് 23,516 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

************************************

## കേരള പുരസ്കാരം - നാമനിർദേശം

സംസ്ഥാന സർക്കാരിൻറെ പരമോന്നത പുരസ്കാരമായ കേരള പുരസ്കാരങ്ങൾക്കായി നാമനിർദേശം ക്ഷണിച്ചു. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലുള്ള പുരസ്കാരങ്ങൾക്കായി ജൂലൈ 31 വരെ നാമനിർദ്ദേശം സമർപ്പിക്കാം. **keralapuraskaram.kerala.gov.in** ലൂടെ ഓൺലൈനായാണ് നാമനിർദേശങ്ങൾ സമർപ്പിക്കേണ്ടത്. 2024ലെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ചാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുക.

RNU TVPM

******************************************************

************************************

**********************